## കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ തിരുവനന്തപുരത്തുള്ള പ്രാദേശിക കേന്ദ്രത്തിൽ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

- വിദേശത്ത് ജോലി തേടിപ്പോകുന്ന ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ കേരളത്തിൽ അനുവദിച്ച പ്രദേശിക കൗണ്ടർ നിലവിൽ വന്നു.
- സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന്റെ പ്രാദേശിക കൗണ്ടറാണ് ഇവിടെ ആരംഭിക്കുന്നത്.
- പ്രവാസി കേരളീയകാര്യ വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് - എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവിന്റെ വഴുതക്കാടുള്ള ഓഫീസിലായിരിക്കും ഈ കേന്ദ്രം പ്രവർത്തിക്കുന്നത്.
- ശ്രീമൂലം ക്ലബ്ബിന് എതിർ വശത്തുള്ള ‘സെന്റർ പ്ലാസ’ യുടെ നാലാം നിലയിലാണ് പ്രസ്തുത ഓഫീസ്.
- കൗണ്ടറിന്റെ പ്രവർത്തനം തിങ്കൾ മുതൽ വെള്ളി വരെ മാത്രമായിരിക്കും.
- കേന്ദ്ര സർക്കാരിന്റെ ഓഫീസ് സമയക്രമം ആയിരിക്കും ഇവിടെയും പിന്തുടരുന്നത്.
- ഒരു ദിവസം 150 അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.
- രാവിലെ 9.30 മണിക്ക് പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും നൽകുന്ന ആദ്യത്തെ 150 പേർക്ക് മാത്രമായിരിക്കും സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം ലഭിക്കുക.
- മറ്റു യാതൊരു വിധ പരിഗണനകളോ, ശുപാർശകളോ സ്വീകരിക്കുന്നതല്ല.
- സാക്ഷ്യപ്പെടുത്തൽ സമയം രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.30 മണിവരെ ആയിരിക്കും.
- അപേക്ഷാ ഫോം ഓഫീസിൽ നിന്നും സൗജന്യമായി നൽകുന്നതാണ്.
- ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഉദ്യോഗാർത്ഥികൾക്കും ഇവിടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്താവുന്നതാണ്.
- ഉദ്യോഗാർത്ഥികൾക്ക് നേരിട്ടോ അടുത്ത ബന്ധു മുഖേനയോ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാവുന്നതാണ്.
- സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി ഏജൻസികളെയോ ഏജന്റുമാരെയോ അനുവദിക്കുന്നതല്ല.
- ഓരോ സർട്ടിഫിക്കറ്റും സാക്ഷ്യപ്പെടുത്തുന്നതിന് 50 രൂപയുടെ ഇൻഡ്യൻ പോസ്റ്റൽ ഓർഡർ നൽകേണ്ടതാണ്.
- ‘സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് സെക്കൻഡറി & ഹയർ എഡ്യൂക്കേഷൻ’ എന്ന പേരിൽ ന്യൂ ഡെൽഹിയിൽ മാറാവുന്ന വിധത്തിലാണ് പോസ്റ്റൽ ഓർഡർ എടുക്കേണ്ടത്.
- പോസ്റ്റൽ ഓർഡർ, അസ്സൽ സർട്ടിഫിക്കറ്റുകൾ, പൂരിപ്പിച്ച അപേക്ഷ എന്ന ക്രമത്തിൽ വയ്ക്കുക. (*ഇതിനായി മൊട്ടുസൂചി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.*)
- റേഷൻ കാർഡിന്റെ പകർപ്പ്, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, അല്ലെങ്കിൽ പാസ്സ്പോർട്ടിന്റെ 1,2, അവസാന പേജുകളുടെ പകർപ്പ് എന്നിവ ഉദ്യോഗാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.
- എസ്സ് എസ്സ് എൽ സി സർട്ടിഫിക്കറ്റിന്റെ ഒന്നാം പേജിന്റെയും, പരീക്ഷ വിജയിച്ചു എന്ന് തെളിയിക്കുന്ന പേജിന്റെയും പകർപ്പാണ് എടുക്കേണ്ടത്.
- അപേക്ഷകൻ വിദേശത്താണെങ്കിൽ പാസ്സ്പോർട്ടിന്റെ പകർപ്പ് മാത്രമേ തെളിവായി സ്വീകരിക്കുകയുള്ളൂ.
- ഉദ്യോഗാർത്ഥിയുടെ പ്രതിനിധിയാണ് വരുന്നതെങ്കിൽ അപേക്ഷാ ഫോറത്തിന്റെ 3-ാമത്തെ പേജ് പൂരിപ്പിക്കേണ്ടതാണ്.
- അപേക്ഷാ ഫോറത്തിൽ അപേക്ഷകന്റെ പേര്, ഒപ്പ്, തിയ്യതി എന്നിവ ഉണ്ടായിരിക്കണം.
- അപേക്ഷകർ കർശനമായ അച്ചടക്കം പാലിക്കേണ്ടതാണ്. അച്ചടക്ക ലംഘനം നടത്തുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.
- സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി വരുന്നവരെ മാത്രമേ കൗണ്ടറിനുള്ളിൽ പ്രവേശിക്കുന്നതിന് അനുവദിക്കുകയുള്ളൂ.

യു.എ.ഇ സർക്കാർ പുതുതായി നടപ്പിലാക്കിയ നിയമപ്രകാരം ജോലി തേടിപ്പോകുന്ന ഉദ്യോഗാർത്ഥികൾക്ക് അടിസ്ഥാന യോഗ്യതയായി എസ്.എസ്.എൽ.സി ഉണ്ടായിരിക്കേണ്ടതും അവരുടെ വിദ്യാഭ്യാസയോഗ്യത സർട്ടിഫിക്കറ്റുകൾ എല്ലാം അവരവരുടെ രാജ്യത്ത് ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇതു പ്രകാരം കേന്ദ്ര മാനവശേഷി മന്ത്രാലയത്തിനു പുറമേ വിദേശകാര്യ മന്ത്രാലയത്തിന്റെയും ബന്ധപ്പെട്ട എംബസ്സികളുടെയും സാക്ഷ്യപ്പെടുത്തലും ആവശ്യമുള്ളതിനാൽ കേന്ദ്ര മാനവശേഷി മന്ത്രാലയത്തിൽ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ റൂട്ട്സ് നേരിട്ട് ഡെൽഹിയിലുള്ള വിദേശകാര്യ മന്ത്രാലയത്തിലും യു.എ.ഇ എംബസ്സിയിലും അയച്ച് സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## ഇതു സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ താഴെപ്പറയുന്നവയാണ്.

- കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന്റെ തിരുവനന്തപുരത്തുള്ള പ്രാദേശിക കേന്ദ്രത്തിൽ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ മാത്രമേ റൂട്ട്സിന്റെ കൗണ്ടറിൽ സ്വീകരിക്കുകയുള്ളൂ.
- യു.എ.ഇ എംബസ്സിയിലെ സാക്ഷ്യപ്പെടുത്തലിന് ഓരോ സർട്ടിഫിക്കറ്റിനും 750 രൂപയാണ് ഫീസ് ഈടാക്കുന്നത്.
- വിദേശകാര്യ മന്ത്രാലയത്തിൽ സാക്ഷ്യപ്പെടുത്തലിന് ഫീസ് ഈടാക്കുന്നില്ല.
- ഇതിനു പുറമേ റൂട്ട്സിന് 500 രൂപ സർവ്വീസ് ചാർജ് നൽകേണ്ടതാണ്.
- മാനവശേഷി മന്ത്രാലയത്തിൽ സാക്ഷ്യപ്പെടുത്തിയ അസ്സൽ സർട്ടിഫിക്കറ്റുകൾ, അവയുടെ അനുബന്ധ മാർക്ക് ലിസ്റ്റുകൾ, ഇവയുടെയും പാസ്സ്പോർട്ടിന്റെ ഒന്നാം പേജിന്റെയും 3 പകർപ്പുകൾ, അപേക്ഷകന്റെ സമീപ കാലത്തെടുത്ത ഫോട്ടോ എന്നിവയാണ് ഹാജരാക്കേണ്ട രേഖകൾ.
- സർട്ടിഫിക്കറ്റുകൾ ഡെൽഹിയിൽ അയച്ച് സാക്ഷ്യപ്പെടുത്തി തിരികെ എത്തുന്നതിന് കുറഞ്ഞത് 20 ദിവസം വേണ്ടിവരും.
- അപേക്ഷകർക്ക് ഈ കാലയളവുകഴിഞ്ഞ് റൂട്ട്സിന്റെ ഓഫീസുമായി ബന്ധപ്പെട്ട് അവരുടെ സർട്ടിഫിക്കറ്റുകളുടെ സ്ഥിതി അറിയാവുന്നതാണ്. കൂടാതെ, നോർക്ക വകുപ്പിന്റെ www.nonresidentkeralite.com എന്ന വെബ് സൈറ്റിലും ഈ വിവരം ലഭ്യമായിരിക്കും.
- സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ തിരികെ കൈപ്പറ്റുവാൻ വരുന്ന വ്യക്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ മുൻകൂട്ടി പറയേണ്ടതും പ്രസ്തുത വ്യക്തിക്കു മാത്രം സർട്ടിഫിക്കറ്റുകൾ തിരികെ നൽകുന്നതുമാണ്.
- സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങുവാൻ വരുന്ന അവസരത്തിൽ പ്രസ്തുത വ്യക്തി തന്റെ തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്.

[redacted]